## പതിനാലാം കേരള നിയമസഭ
## 18-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.57** **03.02.2020-ൽ മറുപടിയ്ക്ക്**

## തീരദേശ പരിപാലന നിയമം ലംഘിച്ചുകൊണ്ടുള്ള കെട്ടിടനിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ : | **പിണറായി വിജയൻ** (മുഖ്യമന്ത്രി) |
| (എ) തീരദേശ പരിപാലന നിയമം ലംഘിച്ച് സംസ്ഥാനത്ത് നിർമ്മിച്ച കെട്ടിടങ്ങളുടെ പട്ടിക നൽകുവാൻ സുപ്രീംകോടതി ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;<br>(ബി) ഏത് വർഷം തയ്യാറാക്കിയ തീരദേശ പരിപാലന ഭൂപടം അടിസ്ഥാനമാക്കിയാണ് ചട്ടലംഘനമുള്ള കെട്ടിടങ്ങൾ കണ്ടെത്തിയതെന്ന് വെളിപ്പെടുത്താമോ;<br>(സി) പ്രസ്തുത പട്ടിക സംബന്ധിച്ച് ആക്ഷേപം ബോധിപ്പിക്കുവാൻ ജനങ്ങൾക്ക് മതിയായ അവസരം നൽകിയില്ലായെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ), (ബി), (സി) & (ഡി) ഉണ്ട്. ബഹു . സുപ്രീം കോടതിയുടെ MA 1808-1809/2019 in C.A. No.4784-4785/2019 കേസിലെ 23.09.2019 ലെ ഉത്തരവിൻ പ്രകാരം തീരദേശ പരിപാലന നിയമം ലംഘിച്ച് സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരി-ക്കുവാനായി 16.10.2019- ലെ G.O (Rt) No. 98/2017/Envt. പ്രകാരവും 17.10.2019- ലെ G.O (Rt) No. 101/2019/Envt. പ്രകാരവും ജില്ലാ കളക്ടർ ചെയർമാനായും, ജില്ലാ നഗരാസൂത്രകൻ കൺവീനറായും, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി ,ബന്ധപ്പെട്ട തീരദേശ വില്ലേജിലെ വില്ലേജ് ഓഫീസർ, ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം എന്നിവർ അംഗങ്ങളായും 10 |

| | |
|---|---|
| (ഡി) എങ്കിൽ പട്ടിക സംബന്ധിച്ച് ആക്ഷേപം സമർപ്പിക്കുവാൻ ജനങ്ങൾക്ക് കൂട്ടുതൽ അവസരം നൽകി, വിദഗ്ധ സമിതിയുടെ പരിശോധനയ്ക്ക് ശേഷം മാത്രം പട്ടിക സുപ്രീംകോടതിക്ക് സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | തീരദേശ ജില്ലകളിൽ ( തിരുവനന്തപുരം , കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) തീരദേശ ജില്ലാ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട് . പ്രസ്തുത കമ്മിറ്റികളുടെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല . |

സെക്ഷൻ ഓഫീസർ